# ഭരണത്തിന്റെ പേരിൽ

# ധാർഷ്ട്യം

# അരുത്




1. ഷിഫ്റ്റ് സമ്പ്രദായം ഉടൻ നടപ്പിലാക്കണം
2. മുടങ്ങിക്കിടക്കുന്ന ആശ്രിത നിയമനം ഉടൻ നടത്തണം.
3. പുതിയ സെക്ഷനുകളിൽ തസ്തികകൾ അനുവദിക്കണം.
4. എല്ലാ പ്രമോഷനുകളും ഉടൻ നടത്തണം.
5. ഏകപക്ഷീയമായി PDA നടപ്പിലാക്കരുത്.
6. പെൻഷൻ പ്രായം വർദ്ധിപ്പിക്കണം.
7. വർക്കിംഗ് അറേഞ്ച്മെന്റിന്റെ പേരിൽ ജീവനക്കാരെ ഉപദ്രവിച്ച ഉത്തരവ് പിൻവലിക്കണം.
8. പ്രീ ചെക്ക്–ഓഡിറ്റ് സംവിധാനം നശിപ്പിക്കരുത്.
9. ജനറൽ ട്രാൻസ്ഫർ 2016 ൽ ഗൈഡ്‌ലൈനിന് വിരുദ്ധമായി പുറത്തിറങ്ങിയ ഉത്തരവുകൾ റദ്ദ് ചെയ്യണം.
10. ശമ്പളപരിഷ്ക്കരണ കരാറിന്റെ ഭാഗമായ ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും എക്സ്പേർട്ട് കമ്മിറ്റിയും ഉടൻ ചേരണം.
11. പെൻഷൻ മാസ്റ്റർ ട്രസ്റ്റിന് നൽകുവാനുള്ള ബോണ്ട് നൽകണം.
12. പെൻഷൻ ആനുകൂല്യത്തിൻമേലുള്ള ഇൻകം ടാക്സ് ഒഴിവാക്കുന്നതിനുള്ള നടപടിയെടുക്കണം.
13. ട്രാൻസ്മിഷൻ ക്വാർട്ടേസുകളിൽ താമസിക്കുന്നവർക്ക് അധിക നികുതി–തീരുമാനം പിൻവലിക്കണം.
14. ഉപേക്ഷിക്കപ്പെട്ട ജലവൈദ്യുത പദ്ധതികൾ പുനരാലോചിക്കണം–ജനകീയ വോട്ടെടുപ്പ് നടത്തണം.

---


കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ
(ഐ.എൻ.ടി.യു.സി.) പ്രസിദ്ധീകരിക്കുന്നത്

# ഭരണത്തിന്റെ പേരിൽ ധാർഷ്ട്യം അരുത്

ജനാധിപത്യ സംവിധാനത്തിൽ ഭരണമാറ്റം സ്വാഭാവിക പ്രതിഭാസം മാത്രം; പ്രത്യേകിച്ചും കേരള സംസ്ഥാനത്തിൽ. അങ്ങനെ 5 വർഷത്തിലൊരിക്കൽ നടക്കുന്ന ഒരു സ്വഭാവിക ഭരണമാറ്റത്തിലൂടെ 2016 മേയ് മാസത്തിൽ സംസ്ഥാനത്ത് ഇടത് ഭരണം നിലവിൽ വന്നു. സംസ്ഥാന മന്ത്രിസഭ അധികാരമേറ്റ അന്ന് തുടങ്ങി, ഭരണ സംവിധാനം ശുദ്ധീകരിക്കൽ; സംസ്ഥാന സർക്കാർ ജീവനക്കാരെയും ഉദ്യോഗസ്ഥൻമാരെയും, കൊടിയുടെ നിറം നോക്കി, എല്ലാ മാനദണ്ഡങ്ങളും കാറ്റിൽ പറത്തി തലങ്ങും വിലങ്ങും സ്ഥലം മാറ്റി. സ്ഥലംമാറ്റ പീഡനം ഒരു NGO അസോസിയേഷൻ പ്രവർത്തകന്റെ ആത്മഹത്യയിലേക്ക് വരെ കാര്യങ്ങൾ കൊണ്ടെത്തിച്ചു. പ്രതികാരമനോഭാവത്തോടെയുള്ള, ഈ സ്ഥലംമാറ്റ പ്രക്രിയയിൽ ഞങ്ങളും മോശക്കാരല്ലെന്നു തെളിയിക്കാനുള്ള അവസരം KSEB യിലെ ഭരണവിലാസം സംഘടനകളും പാഴാക്കിയില്ല. ഭരണത്തിന്റെ ഹുങ്ക് കാണിയ്ക്കാൻ, കോൺഫെഡറേഷൻ പ്രവർത്തകരേയും ഭാരവാഹികളെയും സ്ഥലംമാറ്റി രസിച്ചു. എതിർപ്പ് പ്രകടിപ്പിച്ച സംഘടനാ നേതാക്കളെ സസ്പെന്റ് ചെയ്തു. പഴയ ഇടത് ഭരണങ്ങളിൽ നടന്നതിന്റെ തനിയാവർത്തനം തന്നെയാണ് ഇപ്പോഴും നടക്കുന്നത്. എന്നാൽ ഇത്തരം പ്രതിലോമ പ്രവർത്തനങ്ങൾക്ക് കാണിച്ച ചങ്കുറ്റം ജീവനക്കാർക്ക് പ്രയോജനമുള്ള കാര്യങ്ങൾക്ക് കാണിച്ചെങ്കിൽ എത്ര നന്നായിരുന്നു.

കേരളാ ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (INTUC) നേതൃത്വം നൽകുന്ന UDEEF മുൻകയ്യെടുത്ത് ഉണ്ടാക്കിയ 2016 ലെ LT - Settlement 'ദീർഘകാല കരാർ' ദീർഘകാലം ചർച്ച ചെയ്താലെ ഉണ്ടാകൂ എന്ന മിഥ്യാധാരണയ്ക്കുള്ള മറുപടിയായിരുന്നു. ഇതിന് മുൻപ് ഒപ്പുവച്ചിട്ടുള്ള കരാറുകളൊക്കെ അന്ന് അംഗീകാരമുണ്ടായിരുന്ന രണ്ട് ഇടത് സംഘടനകളുടെ പരസ്പര ചെളിവാരിയെറിയലുകളാൽ കളങ്കിതമായെങ്കിൽ 2016 ലെയും 1995 ലെയും കരാറുകൾ അതിന്റെ പൊതുസമ്മിതി കൊണ്ട് ഇതിന് അപവാദമായി 2016 ലെ കരാറിന്റെ മഹത്വം കൊണ്ടാണ്, സംസ്ഥാന ജീവനക്കാർക്ക് ഇനിയും കൈയ്യിൽ ലഭിക്കാത്ത DA ഇവിടെ ലഭിച്ചത്. മുൻ ഇടത് ഭരണങ്ങളിൽ നടന്ന DA നിഷേധം ആവർത്തിക്കപ്പെടാതിരിക്കാനാണ്, DA കരാറിന്റെ ഭാഗമായി ഉൾപ്പെടുത്തിയത്. കരാർ പ്രകാരമുള്ള ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും, എക്സ്പേർട്ട് കമ്മിറ്റിയും കൂടുന്നതിനോ അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനോ ആവശ്യമായ ശ്രമങ്ങൾ നാളിതുവരെയും നടന്നുകണ്ടില്ല എന്നതും പ്രതിഷേധാത്മകമാണ്.

കഴിഞ്ഞ കാലങ്ങളിൽ, ബോർഡിലെ സുപ്രധാന തീരുമാനങ്ങൾ, എല്ലാ സംഘടനകളുടെയും അഭിപ്രായങ്ങൾ സമന്വയിപ്പിച്ച്, കൂട്ടായ ചർച്ചയിലൂടെയാണ് എടുത്തിരുന്നതെങ്കിൽ, കഴിഞ്ഞ 10 മാസങ്ങളിലെ ഇടത് ഭരണത്തിൽ കാണുന്നത്, ഭരണത്തിന്റെ ഉന്മാദം തലയ്ക്ക് പിടിച്ച് നടത്തുന്ന തോന്ന്യാവാസമാണ്. 25% ജീവനക്കാരുടെ അംഗീകാരമുള്ള ഞങ്ങളെ ഇരുട്ടത്ത് നിറുത്തികൊണ്ട്, ഭരണകക്ഷി യൂണിയനുകളിലെ ഏമാൻമാരുടെ തീരുമാനങ്ങൾക്ക് റാൻ മൂളി, ഏകപക്ഷീയമായ തീരുമാനങ്ങളെടുത്ത് മുന്നോട്ട് പോകാനാണ് ബോർഡ് മാനേജ്മെന്റ് മുതിരുന്നതെങ്കിൽ തൊഴിലാളികളുടെ ശക്തമായ പ്രതിഷേധം ഉണ്ടാകും. UDEEF നേതൃത്വത്തിൽ രൂപം കൊണ്ട കരാറിലെ വ്യവസ്ഥകൾ അക്ഷരംപ്രതി നടപ്പിലാക്കാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കുണ്ട്, ഇതിൽ ഒപ്പിട്ട മറ്റു കക്ഷികൾക്കും. അവർക്കുള്ള ഒരു ഓർമ്മപ്പെടുത്തലാണിത്. കഴിഞ്ഞ 10 മാസങ്ങൾക്കിടയിൽ നടന്ന തൊഴിലാളി വിരുദ്ധ നടപടികൾ നിരവധിയാണ്.

## ആശ്രിത നിയമനം

**2006** – 2011 ലെ ഇടതു ഭരണം ഒഴിയുമ്പോൾ, ആശ്രിത നിയമം നൽകാതെ കെട്ടിവച്ചിരുന്നത് 52 ഓഫീസ് അറ്റന്റർമാരുടെ ബോർഡ് ഉത്തരവുകളായിരുന്നു ഡ്യൂട്ടിക്കിടയിൽ മരണപ്പെട്ട മസ്ദൂർ/ ലൈൻമാൻ/ ഓവർസിയർമാരുടെ വിധവകളുടെ ജീവിതമായിരുന്നു, 'ഒഴിവില്ല' എന്ന കാരണം പറഞ്ഞ് കെട്ടിവച്ചിരുന്നതിലേറയും. എന്നാൽ 2011ൽ UDF സർക്കാർ ഭരണമേറ്റയുടൻ കെട്ടിവച്ചിരുന്ന എല്ലാ ആശ്രിതനിയമനങ്ങളും നൽകുകയും, തുടർന്നങ്ങോട്ട് 5 വർഷവും ആശ്രിത നിയമനങ്ങൾ നയമബന്ധിതമായി നൽകിയതിന്റെയും ചാരിതാർത്ഥ്യം ഞങ്ങൾക്കുണ്ട്. എന്നാൽ 2016 ൽ അധികാരമേറ്റ ഇടത് ഭരണം വീണ്ടും പഴയ പല്ലവിതന്നെ ആവർത്തിക്കുകയാണ്. 2016 മേയ് മാസം മുതൽ ഡിസംബർ വരെയുള്ള 37 ആശ്രിത നിയമന അപേക്ഷകൾ നിയമന ഉത്തരവിനായി കാത്തുകിടക്കുന്നു. ആശ്രിത നിയമനം എങ്ങനെ തടയാം എന്നതിൽ 'പുതിയ ഗവേഷണം' നടക്കുന്നതുകൊണ്ടാണ് അപേക്ഷകളിൽ തീരുമാനമെടുക്കാൻ വൈകുന്നതെന്നറിയുന്നു. ഏപ്രിൽ മാസത്തിനുശേഷം ആശ്രിത നിയമനം സംബന്ധിച്ച് ഒരു ബോർഡ് ഉത്തരവുപോലും ഇറങ്ങിയിട്ടില്ലെന്നുള്ളത്, മരിച്ച ജീവനക്കാരോടുള്ള അവഹേളനമായേ കാണാൻ കഴിയൂ. ഇതിനെതിരെ കോൺഫെഡറേഷൻ പ്രതികരിച്ചതിന്റെ ഫലമായി 25. 01. 2017 ൽ കൂടിയ ഫുൾടൈം ഡയറക്ടേഴ്സ് യോഗം 2016 മെയ്മാസത്തിലെ അപേക്ഷകൾക്ക് നിയമനം നൽകുവാൻ നിർബന്ധിതരായി.

## നിയമനങ്ങൾ പ്രമോഷനുകൾ വർക്കിംഗ് അറേഞ്ച്മെന്റ്

**2000** ലെ ദീർഘകാല കരാറിലെ 'Need Based' സിദ്ധാന്തത്തിലൂടെ ബോർഡിലെ അനവധി കാഷ്യർ, മീറ്റർ റീഡർ, സീനിയർ അസിസ്റ്റന്റ് തസ്തികകൾ വെട്ടിയരിഞ്ഞ ഇടതന്മാർ 2010 ൽ മോഡൽ സെക്ഷൻ പരിഷ്കാരത്തിലൂടെയും വെട്ടിയരിഞ്ഞു നിരവധി തസ്തികകൾ. കൺസ്യൂമർ സ്ട്രെങ്ത് കുത്തനെ കൂടിയപ്പോൾ എംപ്ലോയീസ് സ്ട്രെങ്ത് അതിന്റെ എതിർ ദിശയിൽ കുറഞ്ഞതുമൂലം ജീവനക്കാരുടെ ജോലിഭാരം വർദ്ധിച്ചു; അപകടങ്ങൾ തുടർക്കഥയായി. അശാസ്ത്രീയമായ തൊഴിൽ പരിഷ്ക്കരണങ്ങളും ഓരേ തസ്തികകളിൽ തന്നെ ദീർഘനാൾ തുടരേണ്ടിവരുന്നതിന്റെ മുരടിപ്പും ജീവനക്കാരുടെ ഇടയിൽ സൃഷ്ടിച്ച അസ്വസ്തത ചെറുതല്ല. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ നടത്തിയതിനേക്കാൾ അധികം പ്രമോഷനുകളും നിയമനങ്ങളും ഞങ്ങൾ നടത്തും എന്ന് അവകാശപ്പെട്ട് അധികാരത്തിലേറിയവർ, കഴിഞ്ഞ 10 മാസമായിട്ട് ഈ വിഷയത്തിൽ അവലംബിക്കുന്ന കുറ്റകരമായ മൗനം പ്രതിഷേധാത്മകമാണ്. അടുത്ത ജനറൽ ട്രാൻസ്ഫറിന്റെ  അപേക്ഷകൾ ക്ഷണിയ്ക്കാനുള്ള സമയമായി വരുന്നു. ഇനിയെന്നാണ് പ്രമോഷനുകൾ ചെയ്യുക. PSC വഴി നികത്താനുള്ള, കാഷ്യർമാരുടെ 428 ഒഴിവുകൾ ഉണ്ടെന്ന് നിയമസഭയെ അറിയിച്ച് ശ്രീ. കടകംപള്ളി സുരേന്ദ്രൻ ആ ഒഴിവുകൾ PSC യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള അനുമതി നിഷേധിച്ചതും, വൈദ്യുതി വകുപ്പിൽ ജീവനക്കാർ അധികമാണെന്നും, അധികമുള്ള ജീവനക്കാരെ സർക്കാരിന്റെ വിവിധ വകുപ്പുകളിലേയ്ക്ക് Redeploy ചെയ്യണമെന്ന് തുടർന്ന് പ്രസ്താവിച്ചതും കൂട്ടിവായിക്കുമ്പോൾ ഈ വിഷയത്തിലുള്ള ഇടത് സർക്കാരിന്റെ സമീപനം വ്യക്തമാകും. 2011 ൽ UDF സർക്കാർ ഭരണത്തിൽ വന്നശേഷമാണ് മുൻ ഇടത് സർക്കാരിന്റെ തീരുമാനം തിരുത്തി. പുതുതായി അനുവദിക്കപ്പെട്ട 84–ഓളം സെക്ഷനാഫീസുകളിലെ മസ്ദൂർ മുതൽ സബ് എൻജിനീയർ വരെയുള്ള തസ്തികകൾ അനുവദിച്ച് ഉത്തരവായതും, മസ്ദൂർ PSC റാങ്ക്ലിസ്റ്റിന്റെ കാലാവധി നീട്ടി നിരവധി നിയമനങ്ങൾ നടത്തിയതും. ഈ തീരുമാനപ്രകാരം നിരവധി പ്രമോഷനുകളും നടത്തി. കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് അനുവദിക്കപ്പെട്ട 32 സെക്ഷനാഫീസുകളിലെ തസ്തികകൾക്ക് നാളിതുവരെയും അനുവാദം നൽകിയിട്ടില്ല. നിര

വധി റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ടായിട്ടും 2016 ഏപ്രിൽ മാസത്തിനുശേഷം പ്രമോഷനുകൾ ഒന്നും നടത്തിയിട്ടില്ല ജീവനക്കാരുടെ അപര്യാപ്തത ബോർഡിന്റെ പ്രവർത്തനങ്ങളെ താളംതെറ്റിയ്ക്കുമെന്ന് ബോധ്യപ്പെട്ട മാനേജ്മെന്റ്, പ്രമോഷനുകളും നിയമനങ്ങളും നടത്തി പരിഹരിക്കേണ്ടതിന് പകരം, ബോർഡിൽ എന്നോ നിറുത്തലാക്കിയ വർക്കിംഗ് അറേഞ്ച്മെന്റ് സമ്പ്രദായം ഇടതന്മാരുടെ പിന്തുണയോടെ രഹസ്യമായി വീണ്ടും കെട്ടിയിറക്കുന്നതിനാണ് ശ്രമിക്കുന്നത്. ജീവനക്കാരുടെ ഒഴിവുകൾ സമ്പൂർണ്ണ വൈദ്യുതീകരണത്തെ ബാധിക്കാതിരിക്കാൻ ബോർഡ് കണ്ടെത്തിയ സൂത്രപ്പണിയാണ് വർക്കിംഗ് അറേഞ്ച്മെന്റ്. അതിന്റെ മറവിലൂടെയും അന്യായമായ അനവധി സ്ഥലമാറ്റങ്ങൾ നടന്നു.

## ജനറൽ ട്രാൻസ്ഫർ 2016

ജനറൽ ട്രാൻസ്ഫർ 2016 ഓൺലൈൻ വഴി നടത്താമെന്ന് പറഞ്ഞ് തുടങ്ങിയവർ അവസാനം ഓഫ്‌ലൈൻ ഓർഡറുകളിറക്കി തടിതപ്പി. ഉത്തരവുകളെല്ലാം മാനുവലായി ടൈപ്പ് ചെയ്താണ് പുറത്തിറക്കിയത്. മാനദണ്ഡങ്ങൾ ലംഘിച്ച് ജീവനക്കാരെ തലങ്ങും വിലങ്ങും ട്രാൻസ്ഫർ ചെയ്തു. തിരുവനന്തപുരം ജില്ലയിലെ ഇലക്ട്രിസിറ്റി വർക്കേഴ്സിന് മാത്രമായി ഉത്തരവിറക്കി അവരെ സ്ഥലം മാറ്റി. മറ്റ് ജില്ലകളിൽപ്പെട്ട അർഹതപ്പെട്ട ജീവനക്കാരുടെ അപേക്ഷ നിരസിച്ചു.

ജനറൽ ട്രാൻസ്ഫർമായി ബന്ധപ്പെട്ടുണ്ടായ കേസുകളുടെ പ്രളയം ചൂണ്ടിക്കാണിക്കുന്നത് ഈ വിഷയത്തിലുണ്ടായ കടുത്ത നീതിനിഷേധമാണ്. കഴിഞ്ഞ 5 വർഷക്കാലയളവിൽ ജനറൽ ട്രാൻസ്ഫറുമായി ബന്ധപ്പെട്ടുണ്ടായ കേസുകളേക്കാൾ അധികം കേസുകളാണ് ഇത്തവണത്തെ ഉണ്ടായിരിക്കുന്നത്. ട്രാൻസ്ഫറുമായി ബന്ധപ്പെട്ടുമാത്രം 2016 ൽ 137 ഓളം കേസുകൾ ഉണ്ടായി. സ്വന്തം പാർട്ടിക്കാരെക്കൊണ്ട് വ്യാജ പരാതി നൽകി അതിന്റെ അടിസ്ഥാനത്തിലും ട്രാൻസ്ഫർ നടത്തി. ഇത് ഇനിയും ആവർത്തിക്കാനനുവദിക്കില്ല. 2017 ലെ ജനറൽ ട്രാൻസ്ഫർ, ട്രാൻസ്ഫർ ഗൈഡ്‌ലൈനിൽ ഉചിതമായ മാറ്റങ്ങൾ വരുത്തി പൂർണ്ണമായും ഓൺലൈൻ വഴി തന്നെ നടപ്പിലാക്കണം.

## ഷിഫ്റ്റ് സമ്പ്രദായം

**2006-**2011 ലെ ഇടത് ഭരണകാലത്ത് ഇവിടുത്തെ ഇടതു സംഘടനകളും ഇടത് ഓഫീസർ സംഘടനയും ചേർന്നുണ്ടാക്കിയ മോഡൽ സെക്ഷനുകൾ റൂറൽ, റിമോട്ട് മേഖലകളിലെ ഡിസ്ട്രിബ്യൂഷൻ മേഖല തകർത്തു. ഈ മേഖലകളിൽ ഈ സംവിധാനം പരാജയമാണെന്ന കോൺഫെഡറേഷന്റെ ആവശ്യപ്രകാരം കഴിഞ്ഞ കരാറിൽ പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ ഷിഫ്റ്റ് സമ്പ്രദായം കൊണ്ടുവരാൻ തീരുമാനിച്ചു. പരീക്ഷണാടിസ്ഥാനത്തിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കി അപാകതകൾ പരിഹരിച്ചതിനുശേഷം അത് പൂർണ്ണമായും എല്ലാസ്ഥലങ്ങളിലും നടപ്പിലാക്കണം. മോഡൽ സെക്ഷന്റെ കാര്യത്തിൽ ഒറ്റയടിക്ക് എല്ലായിടത്തും ചെയ്തതുകൊണ്ടാണത് പരാജയപ്പെട്ടത്. പത്തനംതിട്ട, കാസർഗോഡ് ജില്ലകളിൽ പരീഷണാടിസ്ഥാനത്തിൽ ഷിഫ്റ്റ് സമ്പ്രദായം നടപ്പാക്കുന്നതിനുള്ള യാതൊരു നടപടിക്രമങ്ങളും കഴിഞ്ഞ 10 മാസമായി തുടങ്ങിയിട്ടില്ല. കരാറിൽ ഒപ്പിട്ടിട്ടുള്ള എല്ലാ സംഘടനകൾക്കും ഇതിനുള്ള ബാധ്യതയുണ്ട്. കരാർ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയാൽ ശക്തമായ സമര പരിപാടികൾ ആരംഭിക്കേണ്ടിവരും.

## ആഡിറ്റ് സംവിധാനം തകർക്കരുത്

**വ**ർഷങ്ങളായി KSEB യിൽ നിലനിൽക്കുന്ന പ്രീ ചെക്ക് നിർത്തലാക്കുന്നതിന്റെ മുന്നോടിയായി പ്രീ ചെക്ക് ലിമിറ്റ് 1 ലക്ഷത്തിൽനിന്നും 10 ലക്ഷമായി വർദ്ധിപ്പിക്കുന്നതിനുള്ള ബോർഡുത്തരവ് ഏകപക്ഷീയമായി പുറത്തിറക്കി. ഇടുക്കി

പദ്ധതി വന്നപ്പോൾ സിവിൽ മേഖലയിൽമാത്രം തുടങ്ങിയ പ്രീ ചെക്ക് (കോൺട്രാക്റ്റ് ബില്ലുകൾ ഓഡിറ്റ് ചെയ്തതിനുശേഷം പേയ്മെന്റ് നടത്തുന്ന സംവിധാനം) പിന്നീട് 2012 ൽ UDF സർക്കാരിന്റെ കാലത്ത് കൂടുതൽ പർച്ചേസുകൾ നടക്കുന്ന ട്രാൻസ്മിഷൻ മേഖലയിലും ഐ.റ്റി. മേഖലയിലും നടപ്പാക്കി. ഇത് ധൂർത്തും അഴിമതിയും ഇല്ലാതാക്കുന്നതിന് വേണ്ടിയായിരുന്നു. എന്നാൽ ഇപ്പോൾ പ്രീ ചെക്ക് ലിമിറ്റ് 1 ലക്ഷത്തിൽ നിന്നും 10 ലക്ഷമാക്കിയതുവഴി അഴിമതിക്ക് കളമൊരുക്കുകയാണ്. ബോർഡ് ഏകപക്ഷീയമായി എടുത്ത തീരുമാനം അംഗീകരിക്കാൻ പറ്റില്ല. ഇതിനെതിരെ കോൺഫെഡറേഷൻ പ്രതികരിച്ചതിന്റെ ഫലമായി അത് പരിശോധിക്കുന്നതിലേയ്ക്കായി അംഗീകൃത യൂണിയനുകളുടെ യോഗം വിളിച്ചിരുന്നു. തീരുമാനം ഇതുവരേയും പുറത്ത് വന്നിട്ടില്ല.

## റെഗുലേറ്ററി കമ്മീഷൻ തീരുമാനങ്ങൾ ത്രികക്ഷി കരാറിന്റെ മഹത്വം

**ജീ**വനക്കാരുടെ യോഗ്യത സംബന്ധിച്ച് CEA റെഗുലേഷൻ നടപ്പാക്കുന്നതിനുവേണ്ടി റെഗുലേറ്ററി കമ്മീഷൻ സ്വന്തം നിലയിൽ ആദ്യം തീരുമാനമെടുത്തിരുന്നു. ഇതു സംബന്ധിച്ച ഹിയറിംഗിൽ കോൺഫെഡറേഷനെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി പങ്കെടുത്തു. നിലവിലുള്ള ജീവനക്കാരുടെ കാര്യത്തിൽ തൽസ്ഥിതി തുടരണമെന്നുള്ള കോൺഫെഡറഷന്റെ ആവശ്യം അംഗീകരിച്ച് ഉത്തരവായി. (28.12.2016 ലെ ഉത്തരവ്) നിലവിൽ അംഗീകാരമുള്ള അനിയൻ സംഘടന ഈ കാര്യങ്ങൾ ഒന്നും അറിഞ്ഞതേയില്ല. അവർ പിന്നീട് മുദ്രവാക്യം വിളിച്ചു, കാര്യമില്ലല്ലോ. ഇവിടെയാണ് UDF കാലത്ത് ഒപ്പിട്ട ത്രികക്ഷി കരാറിന്റെ മഹത്വം. നിലവിലുള്ള ആനുകൂല്യങ്ങൾക്ക് യാതൊരു കുറവും വരില്ലായെന്നുള്ള ത്രികക്ഷി കരാറിലെ വ്യവസ്ഥയിൽ ഊന്നിയുള്ള കോൺഫെഡറേഷന്റെ വാദമാണ് മേൽഉത്തരവിറക്കാൻ കമ്മീഷന് പ്രചോദനമായത്.

## മാസ്റ്റർ ട്രസ്റ്റ് പെൻഷൻ ഫണ്ട്

**പെ**ൻഷൻ ഫണ്ടിലേക്ക് 2009 ൽ അന്നത്തെ ഇടതു സർക്കാർ 3000 കോടി മാത്രമാണ് അനുവദിച്ചതെങ്കിൽ UDF കാലത്ത് (2013) ൽ ഒപ്പുവച്ച ത്രികക്ഷി കരാറിനോടനുബന്ധിച്ച് അത് 14000 കോടിയാക്കി. എന്നാൽ മേൽതുക റീവാല്യൂവേഷൻ നടത്തേണ്ടതുണ്ട്. ഇത് ഇതുവരെയും നടത്തിയിട്ടില്ല. മാസ്റ്റർ ട്രസ്റ്റിന്റെ ഇൻകം ടാക്സ് എക്സംപ്ഷൻ ഉൾപ്പടെയുള്ള ഉത്തരവുകൾ പുറത്തിറങ്ങിയിട്ട് 10 മാസമായെങ്കിലും നാളിതുവരെ മാസ്റ്റർ ട്രസ്റ്റിന് നൽകുവാനുള്ള ബോണ്ട് സർട്ടിഫിക്കറ്റുകൾ നൽകിയിട്ടില്ല, മാസ്റ്റർ ട്രസ്റ്റിന്റെ യോഗം ചേർന്നിട്ടുമില്ല.

ത്രികക്ഷി കരാറിൽ ഒപ്പിടാതെ മാറിനിന്ന്, പെൻഷൻ ഫണ്ട് എന്ന ആശയത്തെ നഖശിഘാന്തം എതിർത്ത ഏകസംഘടനയായ വർക്കേഴ്സ് ഫെഡറേഷൻ മാസ്റ്റർ ട്രസ്റ്റിലേക്ക് അവരുടെ നോമിനിയെ നൽകിയത് സ്വാഗതാർഹമാണ്. അവർക്ക് കാര്യങ്ങൾ ഇപ്പോഴാണ് മനസ്സിലായത്. വൈകിയുദിച്ച വിവേകം സ്വാഗതാർഹം. പക്ഷേ ചില കാര്യങ്ങൾ താമസിച്ച് തീരുമാനമെടുത്താൽ അപ്പോഴേക്കും എല്ലാം കഴിഞ്ഞിരിക്കും.

## വിരമിക്കൽ പ്രായം

**വി**രമിക്കൽ പ്രായം വർദ്ധിപ്പിക്കണം. CEA Regulation നടപ്പാക്കാൻ കാണിക്കുന്ന വ്യഗ്രത ഇക്കാര്യത്തിലും കാണിക്കണം. സംഘടനകളുമായി ഒപ്പിട്ട കരാറിൽ പെൻഷൻ പ്രായം വർദ്ധിപ്പിക്കാൻ Standing Order Act അനുസരിച്ച് KSEB Ltd ന് ബാദ്ധ്യതയുണ്ട്.

## പെൻഷൻ ആനുകൂല്യ ങ്ങളിൻമേലുള്ള ഇൻകം ടാക്സ്

**റീ**വെസ്റ്റിംഗുമായി ബന്ധപ്പെട്ട് ഗവൺമെന്റും യൂണിയനുകളും ബോർഡും തമ്മിൽ ഉണ്ടാക്കിയ ത്രികക്ഷി കരാർ പ്രകാരം ജീവനക്കാരുടെ ആനുകൂല്യങ്ങൾ കുറയാൻ പറ്റില്ലെന്നിരിക്കെ പെൻഷൻ ആനുകൂല്യങ്ങളായ കമ്മ്യൂട്ടേഷനിലും ടെർമിനൽ ലീവ് സറണ്ടറിലും ഇൻകം ടാക്സ് പിടിച്ചതുവഴി ലഭിക്കുന്ന തുകയ്ക്ക് കുറവ് വന്നു. ഈ വിഷയം KSEB യുടെ ശ്രദ്ധയിൽപ്പെടുത്തിയത് കോൺഫെഡറേഷനാണ്. ടാക്സ് പിടിക്കാനുള്ള തീരുമാനത്തിനെതിരെ INTUC ഹൈക്കോടതിൽ നൽകിയ റിട്ട് പെറ്റിഷൻമേൽ വാദം നടക്കുകയാണ്. പെൻഷൻ ആനുകൂല്യത്തിൽ നിന്നും, ഇൻകം ടാക്സ് തൽക്കാലത്തേക്ക് ഈടാക്കേണ്ടായെന്ന് പിന്നീട് ബോർഡ് തീരുമാനിച്ചതും സംഘടനയുടെ ആവശ്യപ്രകാരമാണ്. ത്രികക്ഷി കരാറിൽ ഒപ്പുവച്ച എല്ലാ സംഘടനകൾക്കും കൂട്ടുത്തരവാദിത്വമുള്ള വിഷയമാണിത്. കഴിഞ്ഞ ചർച്ചകളിലൊക്കെ UDEEF ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്.

## PSC അഡീഷണൽ ഫംഗ്ഷൻസ് ആക്ട് 1963

**PSC** അഡീഷണൽ ഫംഗഷൻസ് ആക്ട് 1963 പ്രകാരമാണ് KSEB Ltd ലെ നിയമനങ്ങൾ നടക്കേണ്ടത്. ഇത് ത്രിക്ഷി കരാറിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് ഇതു സംബന്ധിച്ച് പിന്നീട് ഇറക്കിയ ഉത്തരവിൽ പറയുന്നത് 1970 Act എന്നാണ്. മേൽ ഉത്തരവ് തിരുത്താൻ കോൺഫെഡറേഷൻ മാത്രമാണ് ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുള്ളത്. കരാറിൽ ഒപ്പുവച്ചിട്ടുള്ള എല്ലാ സംഘടനകൾക്കും ഇക്കാര്യത്തിൽ കൂട്ടുത്തരവാദിത്വമുണ്ടെങ്കിലും ആരും ഇടപെട്ടിട്ടില്ല.

## TA - ബോർഡ് ഉത്തരവ്

**ശ**മ്പള പരിഷ്ക്കരണത്തോടനുബന്ധിച്ച് പുറത്തിറങ്ങേണ്ട TA പരിഷ്ക്കരണം സംബന്ധിച്ച ബോർഡുത്തരവ് ഇതുവരേയും പുറത്തിറങ്ങിയിട്ടില്ല. പ്രധാനപ്പെട്ട വിഷയങ്ങൾ നടപ്പാക്കുന്നതിന് ഇവിടെ ആർക്കും താൽപ്പര്യമില്ലാത്ത അവസ്ഥയിലാണ് കാര്യങ്ങളുടെ പോക്ക്.

## ഇംപ്ലിമെന്റേഷൻ കമ്മിറ്റി എക്സ്പേർട്ട് കമ്മിറ്റി

**നി**ലവിലെ നിയമങ്ങളുടെ അപര്യാപ്തതയാണ്, ബോർഡിലെ പല തസ്തികകളിലെയും പ്രമോഷനുകൾക്ക് വിലങ്ങുതടിയായി നിൽക്കുന്നതും കോടതികളുടെ ഇടപെടലുകൾക്കും വിമർശനങ്ങൾക്കും പാത്രീഭവിക്കുന്നതും. 70 കളിലും 80 കളിലും അന്നത്തെ ആവശ്യത്തിനനുസരിച്ച് രൂപപ്പെടുത്തിയ ഉദ്യോഗസ്ഥ നിയമന/പ്രമോഷൻ മാനദണ്ഡങ്ങൾ, കാലാനുസൃതമായി മാറ്റങ്ങൾക്ക് വിധേയമാകേണ്ടതുണ്ട്. ഈ വിഷയങ്ങളൊക്കെ ചർച്ച ചെയ്ത്, സമയബന്ധിതമായി നടപ്പിലാക്കാൻ ഉത്തരവാദിത്വത്തപ്പെട്ട കമ്മിറ്റികൾ നാളിതുവരെയും കൂടിയിട്ടില്ലെന്നുള്ളത് ആക്ഷേപാർഹമാണ്.

## PDA

**PDA** നടപ്പിലാക്കണമെന്നുള്ളത് ഇടത് സംഘടനകളുടെ വാശിയായിരുന്നു. എല്ലാ സെക്ഷനുകളിലും നടപ്പാക്കാൻ പോകുന്നു എന്നാണ് ഇപ്പോൾ അറിയുന്നത്. സിസ്റ്റം ചേഞ്ച് നടപ്പാക്കുമ്പോൾ അംഗീകൃത യൂണിയനുകളുമായി ചർച്ച ചെയ്യേണ്ടതുണ്ട്. ഏകപക്ഷീയമായി നടപ്പാക്കാൻ പറ്റില്ല, അത് ജീവനക്കാർ അംഗീകരിക്കില്ല. ജനാധിപത്യ സംവിധാനത്തിൽ അഭിപ്രായ ഐക്യത്തിലാണ് കാര്യങ്ങൾ നടപ്പിലാകേണ്ടത്. ഇക്കാര്യത്തിൽ ജീവനക്കാർക്ക് പല സംശ

യങ്ങളുമുണ്ട്. PDA യുടെ മറവിലൂടെ സീനിയർ അസിസ്റ്റന്റുമാരുടെ എണ്ണം വെട്ടിക്കുറയ്ക്കുവാനുള്ള നീക്കം അനുവദിക്കില്ല.

## ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർക്ക് അധിക നികുതി

**KSEB Ltd** ന്റെ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർക്ക് അധിക ഇൻകം ടാക്സ് നൽകണമെന്ന് ബോർഡ് സർക്കുലർ അയച്ചിരിക്കുകയാണ്. ട്രാൻസ്മിഷൻ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവർ ബോർഡിന്റെ എന്തോ അധിക ആനുകൂല്യം പറ്റുന്നുവെന്നും അതുകൊണ്ട് നിലവിലുള്ള ഗ്രോസ് സാലറിയുടെ (15%/10%/7%) തുകയും കൂടിച്ചേരുന്നത് ആകെ വരുമാനമായി കണക്കാക്കി ഇൻകം ടാക്സ് ഈടാക്കണമെന്നാണ് സർക്കുലറിൽ പറയുന്നത്. ഇൻകം ടാക്സ് ആക്ട് നിലവിൽ വന്നത് 1961 ലാണ്. അന്നുതൊട്ട് നാളിതുവരെയില്ലാതിരുന്ന വിഷയമാണ് ഭരണം മാറിയപ്പോൾ അടിച്ചേൽപ്പിക്കുന്നത്. ജനറേഷൻ, കൺസ്ട്രക്ഷൻ തുടങ്ങിയ മേഖലകൾ പോലെ തന്നെ 24 മണിക്കൂറും ജാഗരൂകരാകേണ്ട മേഖലയാണ് ട്രാൻസ്മിഷനും. ട്രാൻസ്മിഷൻ മേഖലയിലുള്ള ക്വാർട്ടേഴ്സിൽ താമസിക്കുന്നവർക്കാണ് അധിക ബാധ്യതയുണ്ടാകാൻ പോകുന്നത്. പൊട്ടിപ്പൊളിഞ്ഞ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നതിനെ ആനുകൂല്യമായി കണക്കാക്കാൻ പാടില്ല. അത് Perquisite അല്ല. ജീവനക്കാർ ക്വാർട്ടേഴ്സിന്റെ സംരക്ഷകരാണ്. ജീവനക്കാർക്ക്മേൽ അടിച്ചേൽപ്പിച്ചിരിക്കുന്ന ഉത്തരവ് പിൻവലിക്കണം. ക്വാർട്ടേഴ്സിൽ ഡ്യൂട്ടിയുടെ ഭാഗമായി താമസിക്കുന്നവരിൽ നിന്നും HRA ഈടാക്കാൻ പാടില്ല. ഫാക്ടറീസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്ന KSEB Ltd ന്റെ കീഴിൽ വരുന്ന ക്വാർട്ടേഴ്സുകൾ ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമാണ്. ഇതിനെ Perquisite ആയി കണക്കാക്കാൻ പാടില്ല. ഇത്തരത്തിൽ കണക്കാക്കണമെന്ന് ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ നിന്നും യാതൊരു നിർദ്ദേശവും വന്നിട്ടില്ല. കളമശ്ശേരിയിലുള്ള ഏതോ ഓഫീസർ എന്തോ സംശയം ചോദിച്ചതിന്റെ പേരിൽ ജീവനക്കാരെ ഉപദ്രവിക്കാൻ കിട്ടിയ അവസരം മുതലാക്കുന്ന ധാർഷ്ട്യം അനുവദിക്കില്ല. ഇപ്പോൾ ഇതും ഇതിനപ്പുറവും നടക്കും.

## വൈദ്യുതി പ്രതിസന്ധി

LDF എന്ന് ഭരണത്തിൽ വന്നാലും KSEB യെ നഷ്ടത്തിലാക്കുന്നു. കേരളത്തിലെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്കായി സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി കുറഞ്ഞ വിലയ്ക്ക് അടുത്ത 20 വർഷത്തേയ്ക്ക് ലഭിക്കുന്നതിനുള്ള കരാറിൽ UDF സർക്കാർ ഒപ്പ് വെച്ചിരുന്നു. കഴിഞ്ഞ ഏപ്രിൽ, മേയ് മാസങ്ങളിൽ പ്രതിദിനം 8 കോടി യൂണിറ്റ് ഉപഭോഗം ഉണ്ടായിരുന്ന സാഹചര്യത്തിലോ, ഏറ്റവും കുറവ് മഴ ലഭിച്ച 2012 ലോ ഈ സംസ്ഥാനത്ത് ലോഡ് ഷെഡിംഗോ, പവർകട്ടോ, ഏർപ്പെടുത്തിയില്ല. എന്നാൽ ഇപ്പോൾ പറയുന്നത് മാർച്ച് മുതൽ പവർകട്ട് ഏർപ്പെടുത്തുമെന്നാണ്. ശരിയായ കാഴ്ചപ്പാടിലൂടെ ന്യായമായ കരാറുകൾ ഉണ്ടാക്കി ലോഡ്ഷെഡിംഗോ, പവർകട്ടോ, ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കണം. കേന്ദ്രത്തിൽനിന്നും കൂടുതൽ വൈദ്യുതി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

## ജീവനക്കാരുടെ ആനുകൂല്യങ്ങൾ

**ക**ഴിഞ്ഞ UDF ഭരണത്തിൽ ആനുകൂല്യങ്ങളൊക്കെ കൃത്യമായി നൽകിയിരുന്നു. ലീവ് സറണ്ടർ ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ അപേക്ഷിക്കുമ്പോൾത്തന്നെ ലഭിച്ചിരുന്നു. എന്നാൽ ഇപ്പോൾ മാറ്റങ്ങൾ വന്നുതുടങ്ങിയിരിക്കുന്നു. ബോർഡ് നഷ്ടത്തിലേക്ക് വരുന്നുവെന്നാണ് പറയുന്നത്. 2006 ൽ വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് സ്ഥാനം ഒഴിയുമ്പോൾ 250 കോടി രൂപ ലാഭത്തിലും 5000 കോടി രൂപ ഡിപ്പോസിറ്റുമുള്ള KSE Boardനേയാണ് ബാലന് കൈമാറിയതെങ്കിൽ, 2011 ൽ

തിരികെ ഏൽപ്പിക്കുമ്പോൾ 3000 കോടി രൂപ കടത്തിലുള്ള KSEB Ltd എന്ന കമ്പനി യാണ് തിരികെ ലഭിച്ചത്. എങ്കിലും 2011-16 ൽ UDF കാലഘട്ടത്തിൽ DA ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ അതത് മാസം നൽകി. KSEB യെ വീണ്ടും ലാഭത്തിലാക്കാൻ UDF ന് സാധിച്ചു.

എന്നാൽ ഇപ്പോൾ പറയുന്നത് നഷ്ടത്തിലായി തുടങ്ങിയെന്നാണ്. കാരണം എന്തെന്ന് അറിയില്ല. നഷ്ടത്തിന്റെ കള്ളക്കണക്ക് പറയുന്നത് ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിഷേധിക്കാനല്ലേയെന്ന് സംശയമുണ്ട്.

**വഞ്ചനയ്ക്കെതിരെ പ്രതികരിക്കുക**

**ഇ**ടതുപക്ഷ ഭരണത്തിൽ തൊഴിലാളി താൽപ്പര്യം സംരക്ഷിക്കപ്പെടില്ലായെന്ന് തെളിയിച്ചിരിക്കുകയാണ്. സേവന വേതന ഉടമ്പടി ഒപ്പുവച്ച് പ്രാബല്യത്തിലായിട്ടും കുരുക്കും കുനിഷ്ടും ഉന്നയിച്ച് ആനുകൂല്യങ്ങൾ നിഷേധിക്കുന്ന നടപടിയാണ് KSEB Ltd സ്വീകരിച്ചുവരുന്നത്. KSEB Ltd ലെ ജീവനക്കാരെ തകർക്കുന്ന കടുത്ത ദ്രോഹ നടപടികൾ LDF സർക്കാരും ബോർഡിലെ CPM-CPI-OA യൂണിയൻ നേതാക്കളും ചേർന്ന് അനസ്യൂതം നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഇവരുടെ ധാർഷ്ട്യം ദിവസം കഴിയുന്തോറും അതിരു കടക്കുന്നു. മേൽവിവരിച്ച വിഷയങ്ങളിലെ ഇടത് തൊഴിലാളി യൂണിയനുകളുടെയും ഓഫീസർ സംഘടനകളുടെയും വഞ്ചനാപരമായ സമീപനം ജീവനക്കാർ തിരിച്ചറിയണം. അർഹതപ്പെട്ട അവകാശങ്ങൾ കവർന്നെടുക്കുമ്പോൾ, നീതി നിഷേധിക്കുമ്പോൾ അണികൾ എക്കാലവും അംഗീകരിക്കണമെന്ന നേതാക്കളുടെ ധാർഷ്ട്യം അനുവദിച്ചു കൊടുക്കരുത്. രാഷ് ട്രീയ അടിമത്തം അംഗീകരിക്കാത്ത മുഴുവൻ ജീവനക്കാരും യൂണിയൻ ഭേദമന്യേ ഭരണവിലാസം യൂണിയൻ നേതാക്കളും ഓഫീസർമാരും നടത്തുന്ന വഞ്ചനയ്ക്കെതിരെ ശക്തമായി പ്രതികരിക്കണം.

ഞങ്ങളുന്നയിച്ച വിഷയങ്ങൾ ജീവനക്കാരന്റെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഈ സ്ഥാപനത്തിന്റെ നിലനിൽപ്പിനുമായുള്ള ഇടപെടലുകളാണ്. ഈ വിഷയങ്ങൾ ഏറ്റെടുത്തുകൊണ്ട് ശക്തമായ സമര പരിപാടികൾക്ക് ഞങ്ങൾ തുടക്കം കുറിയ്ക്കുകയാണ്. എല്ലാ ജീവനക്കാരുടെയും ആത്മാർത്ഥമായ പിന്തുണ അഭ്യർത്ഥിച്ചുകൊണ്ട്

തിരുവനന്തപുരം
25. 01. 2017

സ്നേഹാദരങ്ങളോടെ,

**സിബിക്കുട്ടി ഫ്രാൻസിസ്**

ജനറൽ സെക്രട്ടറി